## വിവരസാങ്കേതികവിദ്യ

108. എല്ലാ ജില്ലകളെയും തലസ്ഥാനവുമായി ബന്ധിപ്പിക്കുന്ന നെറ്റ് പൂർത്തിയാക്കിയശേഷം അത് ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലേക്കും വ്യാപിപ്പി താണ്. ഈ സൗകര്യം പ്രധാന സർക്കാർ ഓഫീസുകൾ, ഏജൻസികൾ, മെഡി കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവകൾക്കിടയിൽ ചിത്രങ്ങൾ ഉൾപ്പെടെയുള്ള ഡാറ്റാ കൈമാറ്റത്തിന് സഹായകമാകും.

109. മലപ്പുറത്ത് വളരെ വിജയകരമായി നടപ്പിലാക്കിയ അക്ഷയ പദ്ധതി പഞ്ചായത്തുകളുടെ സഹായത്തോടെ ഏഴു ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുക സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്കിൽ തയ്യാറാക്കിയ ഐ.സി.റ്റി. അടിസ്ഥാനത്തി അക്ഷയ കേന്ദ്രങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്ന സംയോജിത ഗവൺമെന്റ് സർ ഗേറ്റ്‌വേയ്ക്കുവേണ്ടി 100 ലക്ഷം രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു.

## വിവര പൊതുജന സമ്പർക്കം

110. ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് സ്ഥിരം സംവിധാന നിലയിൽ സുതാര്യ കേരളം എന്ന പേരിൽ ഒരു പുതിയ പരിപാടി ആവിഷ്കരി ഇതുപ്രകാരം ആഴ്ചയിൽ ഒരു ദിവസം 45 മിനിട്ടുനേരം മുഖ്യമന്ത്രി ദൂരദർശ നടത്തുന്ന ഫോൺ ഇൻ പരിപാടിയിൽ പൊതുജനങ്ങളുടെ പരാതികൾക്ക് മറ നൽകും. ഈ പരിപാടി വിവര പൊതുജനസമ്പർക്ക വകുപ്പ്, സി-ഡിറ്റ്, ദൂരദർ എന്നിവ സംയുക്തമായാണ് നടപ്പിലാക്കുക.

111. 1950 മുതൽ സൂക്ഷിച്ചിട്ടുള്ള മലയാള ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററി നിശ്ചല ഫോട്ടോഗ്രാഫുകൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതാണ്.

## ജലസേചനം

112. കാഞ്ഞിരപ്പുഴ, ചിമ്മിണി, മലമ്പുഴ, മീൻകര, ചുള്ളിയാർ, വാഴാനി അണ ട്ടുകളുടെയും പെരിയാർവാലി അണക്കെട്ടിന്റെ സുരക്ഷാ നടപടികളുടെയും പ്രവർത്ത 2005-06-ൽത്തന്നെ ആരംഭിക്കുന്നതാണ്.

113. കേന്ദ്രസഹായത്തോടെ സർക്കാർ 2005-06-ൽ പുതുതായി 52 കിലോമ കടൽഭിത്തി നിർമ്മിക്കുകയും 59 കിലോമീറ്റർ ദൈർഘ്യം വരുന്ന നിലവിലു കടൽഭിത്തി നവീകരിക്കുകയും ചെയ്യും.

114. മഴവെള്ള സംഭരണ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻ കെ.ആർ.ഡബ്ല്യു.എസ്.എ. ആണ്. ഈ പദ്ധതിക്കായി എല്ലാ ജില്ലകളിലും ജി കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 2005-06-ൽ പുതി 39 പഞ്ചായത്തുകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly